


# എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു.

ബ്ര. ജോസഫ് നെടുങ്ങനാൽ

Vol. 12, Issue: 48

**ഈ**ശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ,

മനുഷ്യജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു ദിവസങ്ങളാണ് ജനനവും മരണവും. ജനനത്തിനും മരണത്തിനുമിടയിലുള്ള ഒരു യാത്രയാണ് നമ്മുടെ ജീവിതം. ആ ജീവിതത്തിൽ ലോകത്തിനു മുമ്പിൽ പരാജയപ്പെട്ട് പരിഹാസത്തിന്റെ അടയാളമായ കുരിശിൽ തൂങ്ങിമരിച്ചവന്റെ ഓർമ്മയാണ് നാം ഇന്ന് ആചരിക്കുന്നത്. ഇന്ന് ദുഃഖവെള്ളി. വിണ്ണിൽ നിന്നറങ്ങി മന്നിൽ ഭൂജാതനായവന്റെ വേദനാജനകമായ കുരിശുമരണം അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ഏറെ സ്നേഹത്തോടെ നേരുന്നു.

അമേരിക്കൻ റേഡിയോ പ്രഭാഷകനായ ഫുൾട്ടൻ ജെ. ഷീൻ ഒരിക്കൽ ദൈവത്തെക്കുറിച്ചും ദൈവകരുണയെക്കുറിച്ചും പ്രസംഗിച്ച് പള്ളിമേടയിൽ എത്തിയപ്പോൾ ഒരു സ്ത്രീ വേദനയോടെ ഇപ്രകാരം ചോദിച്ചു: ''എന്റെ മകൻ വാഹനാപകടത്തിൽപെട്ട് ചോര വാർന്ന് നടുറോഡിൽ കിടന്നു മരിക്കുമ്പോൾ നിങ്ങൾ പറഞ്ഞ കരുണയുള്ള ദൈവം ഏവിടെയായിരുന്നു?'' അൽപസമയത്തെ നിശബ്ദതയ്ക്കു ശേഷം അദ്ദേഹം പറഞ്ഞു: ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചുവെന്ന് പുത്രനായ ദൈവം നിലവിളിച്ചപ്പോൾ പിതാവായ ദൈവം എവിടെയായിരുന്നുവോ അവിടെയായിരുന്നു നിന്റെ മകൻ മരിച്ചപ്പോഴും ദൈവം.''

ഇന്ന് നാമോരോരുത്തരും ഏറെ നേരം ചിന്താവിഷയമാക്കേണ്ട ഒരു സംഭവമാണിത്. നാം നമ്മുടെ യുക്തി കൊണ്ട് 'എന്തുകൊണ്ട്' എന്ന് ചോദിക്കുമ്പോൾ നമ്മുടെ വിശ്വാസം കൊണ്ട് 'ദൈവഹിതം' എന്ന് ഉത്തരം നൽകാൻ സാധിക്കുന്നുണ്ടെങ്കിൽ അന്ന് 2000 വർഷങ്ങൾക്കു മുമ്പ് എനിക്കും നിങ്ങൾക്കും വേണ്ടി ക്രൂശിതനായ ഈശോ ഇന്നും നമ്മുടെയുള്ളിൽ ജീവിക്കുന്നുണ്ട് എന്നതിന് തെളിവാണത്.

ഈ അടുത്ത നാളിൽ കാതിനും ഹൃത്തിനും ഇമ്പം നൽകിയ വരികളാണ് ഒരിടം തരണേ തല ചായ്ച്ചുറങ്ങാൻ... കുരിശായാലും മതിയേ... അതുമാത്രം മതിയേ... എന്നാൽ കുരിശിന് പുതിയ അർത്ഥം കൊടുത്ത നമ്മൾ എന്തുണ്ടായാലും 'എന്തു കുരിശാണിത്, എല്ലാം എന്റെ തലയിൽ തന്നെ വരുന്നുണ്ടല്ലോ' എന്ന് പറഞ്ഞുനടക്കുന്നു. ഇവിടെയാണ് ക്രിസ്തുവിന്റെ മനോഭാവം നാം സ്വീകരിക്കേണ്ടത്. താൻ കുടിക്കാൻ പോകുന്ന പാനപാത്രം അതികഠിനമാണെന്നറിഞ്ഞിട്ടും അവനത് ദൈവഹിതത്തിന് വിട്ടുകൊടുത്തു. നമുക്ക് കഷ്ടപ്പാടുകൾ ഉണ്ടാകുമ്പോൾ ഇത് എന്തു കുരിശാണ് എന്നു പറയാതെ ദൈവഹിതം നിറവേറ്റാൻ പ്രാർത്ഥിച്ചാൽ നീയും അപരന് മറ്റൊരു ക്രിസ്തുവാകുന്നു.

പ്രിയ സഹോദരങ്ങളേ, ഓരോ കാൽവരി യാത്രയും നൽകുന്ന പാഠം ഇതാണ്, നാം എങ്ങനെ സഹനത്തെ സ്വീകരിക്കണം. നിന്റെ ജീവിതത്തിൽ സഹനങ്ങൾ ഉണ്ടാകും എന്നാൽ നിനക്ക് നോക്കാൻ, നിനക്ക് പ്രതീക്ഷ നൽകാൻ നിനക്കു മുമ്പേ ഞാൻ പോകുന്നുണ്ട് എന്ന് അവൻ പറയുന്നു. എല്ലാം അറിയുന്നവനായ ദൈവം നിന്റെ കുറവുകളെ നിറവുകളാക്കാൻ കഴിയുന്നവനാണ്. ചുങ്കക്കാരനെ ശിഷ്യനാക്കാൻ സാധിക്കുന്നവന്, സാവൂളിനെ പൗലോസാക്കുന്നവന്, പത്രോസായ പാറമേൽ സഭയെ പടുത്തുയർത്തിയവന് എന്നെയും നിന്നെയും കൊണ്ട് ഒരു പദ്ധതിയുണ്ട്. നിന്റെ കഷ്ടപ്പാടുകൾ ഏറുമ്പോൾ ഓർക്കുക, ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് എല്ലാം നന്മക്കായി പരിണമിപ്പിക്കുന്നു.

ഇന്ന് ഈ ദുഃഖവെള്ളി ദിനത്തിൽ കുരിശ് നമ്മെ ഓർമ്മിപ്പിക്കുന്ന ചില സത്യങ്ങളുണ്ട്. ഒന്നാമതായി, ദൈവം എന്നും നിന്റെ കൂടെയുണ്ട്. പഴയനിയമത്തിൽ നാം കാണുന്നു, അബ്രാഹം ദൈവകൽപന അനുസരിച്ച് മകൻ ഇസഹാക്കിനെ മോറിയാ മലയിലേക്ക് ബലിയർപ്പിക്കാൻ വരുന്നത്. ബലിക്കുള്ള ആട് എവിടെ എന്ന നിഷ്കളങ്കമായ ചോദ്യത്തിന് ആ പിതാവ് നൽകിയ മറുപടി, 'ദൈവം തരും' എന്നാണ്. ഇന്ന് ആ ബലിയാടിന്റെ ഓർമ്മയാണ് ആചരിക്കുന്നത്. നമ്മുടെ പാപങ്ങൾക്കു വേണ്ടി കാൽവരിക്കുന്നിൽ ക്രിസ്തു ബലിയാടായതിന്റെ ഓർമ്മ. ഓർക്കുക, നിനക്കു വേണ്ടി മരിച്ച ബലിയാട് എന്നും നിന്റെ കൂടെയുണ്ട്.

രണ്ടാമതായി, അനുസരണം. പിതാവ് പറഞ്ഞു. പുത്രൻ തന്നെത്തന്നെ പൂർണ്ണമായി പിതാവിന് സമർപ്പിച്ചു. താൻ നേരിടാൻ പോകുന്ന സഹനങ്ങൾ തന്റെ ശക്തിക്ക് അതീതമാണെന്നു മനസിലാക്കിയ ഈശോ പറഞ്ഞു: പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റേണമേ. ഓർക്കുക, പിതാവായ ദൈവം എന്റെയും നിന്റെയും പാപത്തിനു നൽകിയ വിലയാണ് ദൈവപുത്രന്റെ – സ്വപുത്രന്റെ ജീവൻ.

മൂന്നാമതായി, പ്രാർത്ഥന. ഗത്സമെനിൽ ചോര വിയർപ്പുതുള്ളിയായി നിലം പതിച്ചപ്പോഴും ഈശോ പ്രാർത്ഥിച്ചു. പിതാവേ, എന്റെ ഹിതമല്ല; നിന്റെ ഹിതം നിറവേറട്ടെ. നമ്മുടെ ജീവിതസഹനങ്ങളിൽ ഓർക്കുക, നമ്മുടെ ആവശ്യങ്ങളറിയുന്ന നല്ല ദൈവം നമുക്ക് ആവശ്യമുള്ളതെല്ലാം നൽകും. പ്രാർത്ഥിക്കുക, ദൈവഹിതം മാത്രം നിറവേറാൻ.

നാലാമതായി, സഹനം. വി, അൽഫോൻസ പറയുന്നു: ''കുരിശാണ് ക്രിസ്തു നൽകുന്ന സമ്മാനം.'' സങ്കടങ്ങൾ നൽകിയാണ് ദൈവം നമ്മെ സ്നേഹിക്കുന്നത്. സഹനത്തിലൂടെ തന്റെ കുരിശിനോട് ചേർന്നുനിൽക്കാൻ ഈശോ നമ്മെ ക്ഷണിക്കുന്നു. അവസാനമായി പ്രതീക്ഷ. നാം കേട്ടുപഴകിയ ഒരു കഥയുണ്ട്. ഒരുപാട് സന്തോഷിക്കാതിരിക്കാനും ഒരുപാട് സങ്കടപ്പെടാതിരിക്കാനും എന്താണ് വഴി എന്നു ചോദിച്ച രാജാവിനോട് മന്ത്രി ഒരു മന്ത്രം പറഞ്ഞു കൊടുക്കുന്നു. ''ഇതും കടന്നുപോകും.''

ദുഃഖവെള്ളി ഒരു പ്രതീക്ഷയാണ്. മൂന്നു നാൾ അപ്പുറത്തെ ഈസ്റ്ററിലേക്കുള്ള പ്രതീക്ഷ. നീയും ഉയിർപ്പിക്കപ്പെടും. നിന്റെ ജീവിതസഹനങ്ങൾക്ക് ഈശോ നൽകുന്ന സമ്മാനമാണ് പറുദീസ. നല്ല കള്ളന് ഈശോ നൽകിയ സമ്മാനവും ഇതു തന്നെ – ''ഇന്ന് നീ എന്നോടു കൂടെ പറുദീസയിലായിരിക്കും.''

പ്രിയ സഹോദരങ്ങളേ, ഈ ദുഃഖവെള്ളിയുടെ സാരാംശം ഇത്രമാത്രം, നീ ജീവിക്കുന്ന ഈ ലോകത്ത് മറ്റൊരു ക്രിസ്തുവാകുക. അത് എങ്ങനെ എന്നതാണ് വിശുദ്ധ കുരിശ് നമ്മെ പഠിപ്പിക്കുന്നത്. ജീവിതത്തിൽ കാൽവരിക്കുന്നുകളും സഹനങ്ങളും കടന്നുവരുമ്പോൾ കുരുശിൽ തല ചായ്ക്കാനായി ഒരിടം നമുക്ക് ഈശോയോട് ചോദിക്കാം. ഇന്ന് നീ ക്രൂശിതനായാൽ നാളെ അവനോടൊപ്പം നീയും ഉയിർപ്പിക്കപ്പെടും. എന്തെന്നാൽ, ഈശോ പറയുന്നു: സ്വന്തം കുരിശ് വഹിക്കാതെ എന്റെ ശിഷ്യനാകാൻ സാധിക്കുകയില്ല. ജീവിതത്തിലായിരിക്കുന്ന അവസ്ഥയിൽ നേരിടുന്ന പ്രതിസന്ധികളും സഹനങ്ങളും മഹത്വത്തിലേക്കുള്ള ചെറുകുരിശുകളായി കണ്ട് അവയെ സ്വീകരിക്കാൻ നമുക്ക് കഴിയട്ടെ. ക്രിസ്തുവിൽ ആരംഭിച്ച് ക്രിസ്തുവിൽ അവസാനിക്കുന്ന ക്രിസ്തോന്മുഖരായി ജീവിക്കാൻ ഈ ദുഃഖവെള്ളി നമ്മെ സഹായിക്കട്ടെ. ഒരു നിമിഷം നമുക്കും ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ക്രൂശിതനായ ക്രിസ്തുവേ, നിന്നെപ്പോലെ ദൈവഹിതത്തിന് പൂർണ്ണമായി കീഴ്പ്പെട്ടു ജീവിക്കാനും സഹനങ്ങളുടെ പെരുമഴക്കാലത്തും എല്ലാം പൂർത്തിയായി എന്ന് ഏറ്റുചൊല്ലാനും ഒടുവിൽ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു എന്നു പറഞ്ഞ് പിതാവിന്റെ കരങ്ങളിൽ പൂർണ്ണമായി സമർപ്പിക്കാനും ഈ ജീവിതം കൊണ്ട് ഞങ്ങളെ നീ യോഗ്യരാക്കേണമേ.

ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.